## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.662 — 11/06/2014-ൽ മറുപടിക്ക്

# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്സ് സ്റ്റഡീസിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ
" കെ. അജിത്
" വി. ശശി
ശ്രീമതി ഗീതാ ഗോപി

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രഗ്ഗ് സ്റ്റഡീസിന്റെ (കിഡ്സ്) പ്രവർത്തനം ആരംഭിച്ചതെന്നാണ് ; | (എ) | 16.01.2013 തീയതിയിലെ 22-ാമത്തെ ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരം കിഡ്സ് പ്രവർത്തനം ആരംഭിച്ചു. |
| (ബി) | ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) & (സി) | മരുന്നുകളുടെ ഇൻഡന്റ് തയ്യാറാക്കൽ, സംഭരണം, വിതരണം, ഉപഭോഗ രീതി, കോർപ്പറേഷനുള്ള മരുന്നു വിതരണത്തിൽ എസ്. എസ്. ഐ. യൂണിറ്റുകൾക്കുണ്ടായ പരാജയം തുടങ്ങിയ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള പഠനം നടത്തുക എന്നുള്ളതായിരുന്നു കിഡ്സിന്റെ പ്രധാന പ്രവർത്തന ലക്ഷ്യം. പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (സി) | ഏതെല്ലാം വിഷയങ്ങളാണ് പഠനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് തെരഞ്ഞെടുത്തത് ; ഇവയിൽ എത്രത്തോളം പഠനം നടത്തി ; പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പഠനറിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | | |
| (ഡി) | ഇപ്പോൾ ഈ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇല്ല. കിഡ്സിന്റെ ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതിനാൽ കിഡ്സിന്റെ പ്രവർത്തനം നിർത്തുകയും സർക്കാരിന് അധികബാധ്യത ഉണ്ടാകാത്ത രീതിയിൽ ഫാർമസി ഡിപ്പാർട്ട്മെന്റ് മുഖേന പ്രസ്തുത പഠനം നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ